# കാലിക്കറ്റ് സർവകലാശാല

# നാലാം സെമെസ്റ്റർ

# കോമൺ കോഴ്‌സ്

# ബി എ /ബിഎസ് സി

# മലയാള സാഹിത്യം – 4

# MAL4A10

## പഠന സമയം - 80 മണിക്കൂർ

## ക്രെഡിറ്റ് – 4

## പഠനക്കുറിപ്പുകൾ

തയ്യാറാക്കിയത്

**രസിത കാവുങ്ങൽ**

**അസി.പ്രൊഫസർ, മലയാളം**

**സിപിഎ കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ്**

പുത്തനത്താണി.

# ഉദ്ദേശ്യ ലക്ഷ്യം :

നോവൽ സാഹിത്യത്തെ പരിചയപ്പെടുക.

വിവർത്തന സാധ്യതകളും പ്രശ്നങ്ങളും മനസ്സിലാക്കുക.

ഭാഷ എഴുത്ത് ഇവയിൽ വരുന്ന പിഴവുകൾ മനസ്സിലാക്കി അവയെ തിരുത്തുന്നതിനുള്ള കഴിവ് വളർത്തുക.

# ഉള്ളടക്കം

**മൊഡ്യൂൾ** - 1

1. ഭാഷയും ആശയ വിനിമയവും - കെ എം പ്രഭാകരവാര്യർ.
2. പത്രഭാഷയിലെ വ്യഥാസ്ഥൂലത - സി വി വാസുദേവഭട്ടതിരി.
3. തീറ്റയുടെ ജനാധിപത്യം, ഭംഗി വാക്ക് - എം എൻ കാരശ്ശേരി.
4. ഡോക്ടർമാരുടെ രോഗം വേണ്ടത് സൗന്ദര്യാത്മക വിദ്യാഭ്യാസം - പി പവിത്രൻ.

**മൊഡ്യൂൾ - 2**

1. അപ്രാപ്യമായ ഒരു വിതാനം - കെ പി ശങ്കരൻ.
2. വ്യാജ സൂചനകൾ - ജലാലുദ്ദീൻ റൂമി
3. എച്ചിൽ - ഓം പ്രകാശ് വാത്മീകി.

**മൊഡ്യൂൾ-3**

1. അറിവിന്റെ ഫലങ്ങൾ - എം ഗോവിന്ദൻ
2. വ്യക്തിനാമ പഠനങ്ങൾ - എം വി വിഷ്ണുനമ്പൂതിരി.
3. മനുഷ്യരെല്ലാം സോദരർ - എം കെ സാനു

**മൊഡ്യൂൾ** - 4

നോവൽ

അനുഭവങ്ങൾ - നന്തനാർ.

# 1.ഭാഷയും ആശയവിനിമയവും.
# ഡോ.കെ.എം.പ്രഭാകര വാരിയർ.

- 1933 ഡിസംബർ 17ന് മലപ്പുറത്തെ വട്ടംകുളത്ത് ജനിച്ചു. അധ്യാപകനായിരുന്നു.
- ധാരാളം കൃതികൾ എഴുതി. 2010 ജനുവരി 10ന് അന്തരിച്ചു.
- ഭാഷയും മനശാസ്ത്രവും എന്ന പുസ്തകത്തിലെ ഒരു ഭാഗമാണ് ഈ ലേഖനം.
- ആശയവിനിമയ പ്രക്രിയ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന വിശദീകരണം ഈ ലേഖനത്തിലുണ്ട്.
- ആശയവിനിമയത്തിന് ഉപാധികളുണ്ട്. അതിന്റെ പ്രധാന ഉപാധി ഭാഷയാണ്.




- എന്നാൽ ഭാഷമാത്രമല്ല അതിൽ വരുന്നത്.
- ആംഗ്യപ്രകടനം, ഉച്ചാരണശബ്ദം, ക്രോധപ്രകടനം, ലിപികൾ തുടങ്ങി ധാരാളം ഉപാധികളിൽ ഒന്നുമാത്രമാണ് ഭാഷ.
- ചില വെളിച്ചങ്ങൾ അതായത് ട്രാഫിക് സിഗ്നലുകൾ ചിഹ്നങ്ങൾ,
- കൊടികൾ എല്ലാം ആശയവിനിമയം നടത്തുന്നുണ്ട്. ആശയവിനിമയത്തിന് ഭാഷ മാത്രമല്ല ഉള്ളതെന്ന് വ്യക്തം.
- പുക പൊങ്ങുന്നത്, കോഴി കൂകുന്നത്, കണ്ണ് ചിമ്മുന്നത് എല്ലാം ഓരോ അർഥമാണ് നൽകുന്നത്.
- ആശയവിനിമയ പ്രക്രിയയിൽ ചില ഘടകങ്ങളുണ്ട്.
- 1. സംസാരിക്കുന്ന ആൾ. (ഉത്ഭവസ്ഥാനം),
- 2. കേൾക്കുന്ന ആൾ (പ്രാപ്യസ്ഥാനം).
- സംസാരിക്കുന്ന ആളിൽ നിന്ന് കേൾക്കുന്ന ആളിലേക്ക് ശബ്ദം എത്തുന്നതിനിടയ്ക്ക് പ്രവൃത്തിക്കുന്ന ഘടകങ്ങൾ.
- 1. ഉത്ഭവസ്ഥാനം.
- 2. പ്രേഷകം(സങ്കേതനം),

- 3.സഞ്ചാരപഥം,
- 4.ആദായി(വിസങ്കേതനം).
- 5.പ്രാപ്യസ്ഥാനം.
- ഉത്ഭവസ്ഥാനം ഉച്ചാരണ അവയവങ്ങളിലൂടെ പുറപ്പെടും.
- ആ അവയവത്തെ പ്രേഷകം എന്നു വിളിക്കുന്നു.
- ശബ്ദതരംഗങ്ങൾ അന്തരീക്ഷവായുവിലൂടെ ശ്രോദ്ധാവിലേക്ക് എത്തിച്ചേരും.
- ആദായിയായി(ആശയമാക്കി) അതിനെ തലച്ചോർ മാറ്റിയെടുക്കും.
- മറ്റുചില ആശയവിനിമയ രീതികൾ.
- 1.ദൂരശ്രവണി, 2.പ്രക്ഷേപിനി.
- വരമൊഴിയിൽ -വായിക്കുന്ന ആൾ പ്രാപ്യസ്ഥാനമായി മാറും.
- ഭാഷാശാസ്ത്രം-വക്താവ്, ശ്രോദ്ധാവ് ഇവരുടെ സങ്കേതന, വിസങ്കേതന പ്രക്രിയകളെക്കുറിച്ചുള്ള പഠനങ്ങൾ നടക്കുന്നില്ല.
- മനോഭാഷ വിജ്ഞാനം-അടുത്ത കാലത്തുണ്ടായ ഒന്നാണിത്.
- ഭാഷോത്പാദനത്തിന് നിദാനമായിട്ടുള്ള മാനസികവൃത്തികൾക്കാണ് പ്രാധാന്യം നൽകുന്നത്.
- വൃത്താന്തസിദ്ധാന്തം-ഒരിടത്തുനിന്ന് സന്ദേശത്തെ ഏറ്റവും ഫലപ്രദമായ രീതിയിൽ മറ്റൊരിടത്ത് എത്താൻ ഏതെല്ലാം രീതികൾ സ്വീകരിക്കാമെന്നതാണ് ഈ സിദ്ധാന്തം.
- വേഗത്തിൽ ആശയവിനിമയം നടത്തലും ഇതിലുണ്ട്.
- ഉദാ:-യാന്ത്രികഭാഷ.
- അംഗവിക്ഷേപശാസ്ത്രം-അംഗചലനങ്ങളിലൂടെ ആശയവിനിമയം നടത്തുന്ന പഠനമാണിത്. ഭാഷ കൂടാതെയുള്ള മൌലിക സ്വനങ്ങളും ഇതിനായി ഉപയോഗിക്കപ്പെടുന്നു.
- വ്യാക്ഷേപകങ്ങൾ - മറ്റു ഭാഷാ ശബ്ദങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ഇത്.
- പെട്ടെന്നുണ്ടാകുന്ന വികാരത്തെ സൂചിപ്പിക്കുന്ന ശബ്ദങ്ങളാണ് ഇവ.
- ഉദാ: - ഹാ!, അയ്യോ തുടങ്ങിയ ശബ്ദങ്ങൾ.

  ...........................................................................................

  .............................................................................................

# 2.പത്രഭാഷയിലെ വ്യഥാസ്തൂലത

# സി.വി.വാസുദേവഭട്ടതിരി.

- 1920 - ൽ പന്തളത്തിന് അടുത്ത് ചെറു മുഖയിൽ ആണ് ലേഖകൻ ജനിച്ചത്.
- 2008 മാർച്ച് 26 ന് നിര്യാതനായി.
- സംസ്കൃതം ഇംഗ്ലീഷ് ഭാഷകളിൽ പണ്ഡിതനായിരുന്നു.
- നല്ല മലയാളം എന്ന പുസ്തകത്തിലെ ഒരു ഭാഗം ആണ് വ്യഥാ സ്ഥൂലത എന്ന ലേഖനം.
- പത്രത്തിൽ ഉപയോഗിച്ച് കാണുന്ന വ്യഥാസ്ഥൂലതകളെ വലിച്ച്




  നീട്ടലുകളെ കുറിച്ച് ഇതിൽ ഉദാഹരണ സഹിതം വിശദമാക്കുന്നു.
- സംസ്കൃതം. ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പണ്ഡിതനായിരുന്നു.
- എഡിറ്റർ, അധ്യാപകൻ, അഭിഭാഷകൻ എന്നീ മേഖലകളിലും പ്രവർത്തിച്ചു.
- ധാരാളം വാഖ്യാനങ്ങളും വിവർത്തനങ്ങളും നടത്തിയിട്ടുണ്ട്.
- കുറഞ്ഞ കാലയളവിൽ വലിയ വികാസം നേടിയ ഭാഷയാണ് മലയാളം.
- ആസൂത്രിതവുംനിയന്ത്രിതവുമായഒരുവികാസമായിരുന്നില്ല അതിന്.

- അതിനലാണ് ഭാഷയിൽ വൈകല്യങ്ങൾ വന്നത്.
- മനസ്സുവച്ചാൽ തീരാവുന്നതേയുള്ളൂ ഇതൊക്കെ എന്നാണ ലേഖകന്റെ അഭിപ്രായം.
- ഇതിന്റെയൊക്കെ ഉത്തരവാദികൾ തർജമക്കാരാണ്.
- ഭാഷാസവിശേഷതകൾ മറന്ന് തർജമനടത്തുന്നത് ഇഗ്ലിഷ്, സംസ്കൃതംതുടങ്ങിയ ഭാഷകളെ അറിവിലേറെ ആശ്രയിക്കുകയും ചെയ്യുന്നു.
- ഇതൊക്കെയാണ് മലയാള ഭാഷയുടെ വൈകല്യത്തിന് കാരണം.
- ഉദാഹരണങ്ങളിലൂടെ അത് വിശദമാക്കുകയാണ് ഈ ലേഖനത്തിൽ.
- ഇംഗ്ലിഷ് ഭാഷയിൽനമ്മുടെ ഭാഷയിലേക്കുള്ള വിവർത്തനം ചെയ്തപ്പോൾ സംസ്കൃത പദങ്ങളാണ് ഉപയോഗിച്ചത്.
- Polarisatio-ധ്രുവീകരണം
- Stylization-ശൈലീവല്ക്കരണം.
- ഇവയൊക്കെ തർജമയിലൂടെ വന്നതാണ്.
- ഈ വാക്കുകളുടെ അർഥം മനസ്സിലാകണമെങ്കിൽ മലയാളത്തിൽ തേടേണ്ടിവരും.
- ഇത്തരം തർജമകൾ നിരർഥകമാണ് എന്ന് ലേഖകൻ പറയുന്നു.
- ജാഡ്യത-ജാഡ്യം, വേഗത-വേഗം,
- ഈ വാക്കുകൾ ശുദധരൂപത്തിലല്ല ഉപയോഗിക്കുന്നത്. അക്ഷരപ്പെരുപ്പം കൊടുത്ത് വാക്കിനെ അഭംഗിയാക്കുന്നുണ്ട്.
- വാചാലത-വാഗ്മിത,
- വാഗ്മിതയ്ക്കുപകരം വാചാലത ഉപയോഗിക്കുമ്പോൾ അക്ഷരപ്പെരുപ്പവും ദുഷ്പ്രതീതിയും ഉണ്ടാകും.
- ചില ശുദ്ധരൂപം ലേഖകൻ നൽകുന്നുണ്ട്.
- എഴുത്തിൽ വരുന്നതെറ്റുകൾ തീരുകതന്നെ വേണം.
- ലിപി വിന്യാസത്തിൽ വരുന്ന പല തെറ്റുകളും ഉണ്ട്.
- സൂര്യൻ, അധ്യാപകൻ ഇവ പിരിച്ചെഴുതുന്ന രീതിയിൽ എഴുതരുത്.
- രണ്ട് പദങ്ങൾ തമ്മിലുള്ള ബന്ധത്തെ കുറിക്കാൻ നാം ഉപയോഗിക്കുന്ന ശബ്ദങ്ങളാണ് പ്രത്യയം..
- ആ പ്രത്യയങ്ങൾ അധികമായും ഉപയോഗിക്കുന്നുണ്ട്. അത് വേണ്ട. ഉദാഹരണങ്ങൾ.

- അവൻ കുട. ഈ രണ്ട് പദങ്ങൾക്കും പരസ്പരം ബന്ധമുണ്ടാക്കാനായി ന്റെ ചേർക്കും.
- ഇതാണ് പ്രത്യയം. അവകൾ എന്നതിൽ കൾ ചേർക്കേണ്ട കാര്യമില്ല.
- സംഖ്യാവാചകങ്ങൾ പറയുമ്പോൾ ബഹുവചനരൂപം പറയേണ്ടതില്ല.
- ഉദാഹരണം. രണ്ട് പുസ്തകങ്ങൾ- രണ്ട് പുസ്തകം.
- നപുംസ്തകങ്ങളോടൊപ്പം കൾ ചേർക്കേണ്ടതില്ല.
- ഉദാഹരണം. ആകർഷകങ്ങളായ വസ്തുക്കൾ-ആകർഷകമായ വസ്തുക്കൾ,
- ആകർഷണീയം-ആകർഷകം.
- പത്രത്തിൽ ഇത്തരം തെറ്റുകൾ തിരുത്തുമ്പോൾ സ്ഥലലാഭം, സമയലാഭം, ലിപിലാഭം എല്ലാം കകിട്ടും.
- അനാവശ്യമായി ഒരു എന്ന വാക്ക് ഉപയോഗിക്കുന്നത് ഇംഗ്ലീഷിന്റെ പ്രേണകൊണ്ടാണ്.
- യാതൊരു എന്ന പ്രയോഗവും അനാവശ്യപ്രയോഗമാണ്.
- ഇത് സംസ്കൃതത്തിൽ നിന്നാണ് കടന്നുവന്നത്.
- ഗതികൾ പത്രഭാഷയിൽ ആവശ്യമില്ലാതെ പ്രയോഗിക്കുന്നത് നല്ലതല്ല.
- ഗതി എന്നാൽ വ്യാകരണ പ്രകാരമം വിഭക്തിയുടെ നാമത്തി കൂടെ ചേർക്കുന്ന പ്രത്യമാണ്.
- ഉദാഹരണം. വീട്ടിൽ നിന്നുപോയി. വഴിയിലൂടെ നടന്നു. വിസന്ധികൾ പത്രത്തിൽ പ്രയോഗിക്കുന്നത് സംസ്കൃതത്തിൽ നിന്നു വന്നതാണ്.
- വായ്പാനയം-വായ്മപ നയം. പത്രങ്ങളിൽ അനാവശ്യപദങ്ങൾ കടന്നുവരുന്നുണ്ട്.
- സ്ഥിതവിശേഷം-സ്ഥിതി. നിപാദതങ്ങൾ എങ്ങനെ ഭാഷയിൽ വരുന്നുവെന്ന് നോക്കാം.
- രണ്ട് വാക്ക്/വാക്യങ്ങൾ ഇവയെ ബന്ധിപ്പിക്കുന്നതാണ് നിപാതം.
- അച്ഛൻ,അമ്മ-അച്ഛനുംഅമ്മയും.ക്രിയാവിശേഷങ്ങളിൽ തെറ്റുവുരുന്നത്.
- ഉദാഹരണം. ഞാൻ അദ്ദേഹത്തെ കാണാൻ വേണ്ടി ഒരു മണിക്കൂർ കാത്തുനിന്നു. ഇതിൽ വേണ്ടി എന്നത് തെറ്റാണ്.

- അനുപ്രോയോഗം. പ്രധാന ക്രിയയോട് ചേർന്നുനിന്ന് അതിന്റെ അർഥത്തിൽ ചില പരിഷ്കാരങ്ങൾ വരുത്താൻ വേണ്ടി തൊട്ടുപിന്നിൽ ചേർക്കുന്ന സഹായക്രിയയാണ് അനുപ്രയോഗം.
- വന്നുപോയി, ഓടക്കളഞ്ഞു. തട്ടിക്കയറി.
- സമസ്തക്രിയകളെക്കുറിച്ച് സന്ദർശനം നടത്തുക-സന്ദർശിക്കുക.
- പ്രസംഗം ചെയ്യുക-പ്രസംഗിക്കുക,
- രണ്ടായി മുറിച്ചുപറയുന്നതിന പകരം ഒറ്റവാക്കായി




- പറയാം., ഉപക്രമങ്ങൾ ചേർക്കുന്നത്.
- തുറന്നുപറഞ്ഞാൽ സത്യം പറഞ്ഞാൽ.
- തുടങ്ങിയ പ്രയോഗങ്ങളൊന്നും നന്നല്ല.
- സമുച്ചയം.ഉം എന്നതുകൊണ്ട് രണ്ട്പദങ്ങൾ ചേർക്കാം.
- അടിയുംകൊണ്ട് പുളിയും തിന്ന്മലയാളത്തിൽ കർമണിപ്രയോഗം ആവശ്യമില്ല.
- എന്നാണ് ലേഖകന്റെ അഭിപ്രായം.
- ഉദാഹരണം. പത്തുപേർ വെടിവച്ചുകൊല്ലപ്പെട്ടു. കർമണിപ്രയോഗം. അതിനുപകരം പത്തുപേർ വെടിയേറ്റുമരിച്ചു എന്നുമതി.
- പൌനരുക്ത്യം.-വീണ്ടും പറയുക എന്നാണ് അർഥം. ഇത് രണ്ട് തരത്തിലുണ്ട്
- .ഒന്ന് ശബ്ദപൌനരുക്ത്യം, രണ്ട് അർഥ പൌനരുക്ത്യം.
- ഒരിക്കൽ പറഞ്ഞത് വീണ്ടും പറയുന്നതാണ് ശബ്ദപൌനരുക്ത്യം.

- പറയാതെ സിദ്ധിക്കുന്നകാര്യം എടുത്തു പറയുന്നതാണ് അർഥ പൌനരുക്ത്യം.ഉദാഹരണം.
- എല്ലാ ആഴ്ചതോറും അവൻ വരാറുണ്ട്.
- അവളുടെ ഭാവിയെപ്പറ്റി ഓർത്ത് ഞാൻ.
- പത്രക്കാർ തന്റെ പാണ്ഡിത്യപ്രകടനത്തിനു വേണ്ടി വാക്യങ്ങൾ എഴുതുന്ന രീതി നിർത്തണം.
- സാധാരണക്കാർക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാകണം എഴുത്ത്.
- ഇങ്ങനെപത്രണ്ട് ശതമാനംസ്ഥലമെങ്കിലും പത്രത്തിൽ നഷ്ടമാകും.
- പരസ്യങ്ങൾ ചേർക്കേണ്ട സ്ഥലം നഷ്ടമാകും അവ ശ്രദ്ധിക്കണമെന്നാണ് ലേഖകൻ പറയുന്നന്നത്.

സഹായകഗ്രന്ഥങ്ങൾ :


1. നല്ല മലയാളം- സി വി വാസുദേവഭട്ടതിരി.
2. പത്രഭാഷയിലെ വ്യഥാസ്ഥൂലത – ലേഖനം
3. ഗൂഗിൾ വിക്കിപീഡിക.


..............................................................................

..............................................................................

# 3.തീറ്റയുടെ ജനാധിപത്യം

# എം എൻ കാരശ്ശേരി.

- പ്രഭാഷകൻ അധ്യാപകൻ പത്രാധിപർ സാമൂഹിക വിമർശകൻ




സാംസ്കാരിക ചിന്തകൻ എല്ലാമാണ് കാരശ്ശേരിമാഷ്.
- മുഹിയുദ്ദീൻ നെടുക്കണ്ടിയിൽ എന്നാണ് മുഴുവൻ പേര്.
- തെളിമലയാളം, ഒന്നിന്റെ ദർശനം, തായ്മൊഴി, മക്കയിലേക്കുള്ള പാത, വിശകലനം തുടങ്ങി ധാരാളം കൃതികൾ എഴുതി.
- തായ് മൊഴി എന്ന കൃതിയിലെ ഒരു ഭാഗമാണ് ഈ ലേഖനം.



ബഹുഭാര്യത്വം അനുകൂലിക്കുന്ന സ്ത്രീകൾ സ്ത്രീവിരുദ്ധർ: എം.എൻ. കാരശ്ശേരി

- ഭാഷ, പ്രദേശം, ജാതി, മതം, തൊഴിൽ, ലിംഗം, വർഗ്ഗം വർണ്ണം, പ്രായം , അറിവ്, ബുദ്ധി, സൗന്ദര്യം, ആരോഗ്യം, ഇങ്ങനെ മനുഷ്യരെ വേർതിരിക്കുന്ന ധാരാളം കാര്യങ്ങൾ ജനാധിപത്യത്തിൽ ഉണ്ട്.
- നമ്മുടെ രാജ്യത്ത് ഓരോ മനുഷ്യരും വ്യത്യസ്തരാണ്.
- ഭാഷയുടെ കാര്യത്തിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ ഉണ്ട്.
- ലിപി ഉള്ളതും ഇല്ലാത്തതുമായ ഭാഷകളും വാമൊഴി വരമൊഴി എന്നിവയും അതിൽപ്പെടും.

- വ്യക്തിപരമായും സാമൂഹികപരമായും ഈ വേർതിരിവുകൾ കണക്കാക്കാതെ എല്ലാവർക്കും തുല്യമായ അവസരം ഉറപ്പു വരുത്തുന്ന വ്യവസ്ഥയാണ് ജനാധിപത്യം.
- തീറ്റയുടെ കാര്യത്തിലും ഇത് പുലർത്തണം.
- എല്ലാവർക്കും തുല്യമായ അവസരം ലഭിക്കുന്ന ജനാധിപത്യ വ്യവസ്ഥ ഭക്ഷണകാര്യത്തിൽ വേണം.
- നമ്പൂരിശ്ശനും കാര്യസ്ഥനും വെള്ളം കുടിച്ച കഥ.
- ഹിന്ദു മതസ്ഥർ പശു മാംസം കഴിക്കില്ല.




- അവർ അത് കഴിക്കുന്നവരെ വിലക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്.
- മുസ്ലിം വിഭാഗക്കാർ പന്നിയിറച്ചി കഴിക്കില്ല.
- അത് കഴിക്കുന്ന തടയുന്നത് ജനാധിപത്യ വിരുദ്ധമാണ്.
- ഉദാഹരണമായി പ്രേമലേഖനം എന്ന കഥയിലെ സന്ദർഭം.
- ഇന്ന് ഭക്ഷണം വസ്ത്രം തുടങ്ങിയ കാര്യത്തിൽ അക്രമങ്ങളും കൊലപാതകങ്ങളും വരെ നടക്കുന്നു.
- ഇതെല്ലാം മാറിയാൽ മാത്രമേ ജനാധിപത്യം എന്ന വാക്ക് പൂർണ്ണമാകൂ.

CPA COLLEGE OF GLOBAL STUDIES

# ഭംഗി വാക്ക്

- **മലയാളികളുടെ കപടനാട്യത്തെ തുറന്ന് കാണിക്കുന്ന ചെറിയ ലേഖനമാണ് ഇത്.**
- **ബസ്സിൽ ആണും പെണ്ണും അടുത്തിരിക്കുന്നതിനെ മോശമായി കാണുന്നവർ മറ്റ് വാഹനങ്ങളിൽ അത് വിലക്കുന്നില്ല.**
- **മരിച്ച ആളെ പറ്റി പുകഴ്ത്തി പറയുന്നത്. ഭംഗിവാക്കാണ്.**
- **പൊതിഞ്ഞ് കൊടുക്കുന്ന സമ്മാനങ്ങൾ. കപടനാട്യമാണ്.**
- **ഉള്ളിലെ സ്നേഹം പുറമേക്ക് പ്രകടിപ്പിക്കാത്തത് കപടനാട്യമാണ്.**
- **ഇവക്കെല്ലാം മലയാളത്തിൽ പ്രയോഗിക്കുന്ന വാക്കാണ് ഭംഗി വാക്ക്.**




സഹായകഗ്രന്ഥങ്ങൾ :

1. തായ് മൊഴി- എം എൻ കാരശ്ശേരി
2. തീറ്റയുടെ ജനാധിപത്യം- ഭംഗി വാക്ക്– കാരശ്ശേരി
3. ഗൂഗിൾ പേജ് ചിത്രങ്ങൾ.

..................................................................................................

..................................................................................................

CPA COLLEGE OF GLOBAL STUDIES

# 4.ഡോക്ടർമാരുടെ രോഗം വേണ്ടത് സൗന്ദര്യാത്മക വിദ്യാഭ്യാസം

# പി പവിത്രൻ.

- സാഹിത്യനിരൂപകൻ, അധ്യാപകൻ, പ്രഭാഷകൻ, മാതൃഭാഷാവകാശ പ്രവർത്തകൻ ആണ് പവിത്രൻ.
- 1964 ൽ കോഴിക്കോട് മേമുണ്ടയിൽ ജനിച്ചു.
- ആധുനികതയുടെ കുറ്റസമ്മതം, ആശാൻ കവിത ആധുനികാനന്തര പാഠങ്ങൾ, പ്രണയം രാഷ്ട്രീയം, ആശാൻ കവിത പഠനങ്ങൾ തുടങ്ങി ധാരാളം കൃതികൾ എഴുതിയിട്ടുണ്ട്.



- പി പവിത്രൻ എഴുതിയ ലേഖനം ഈ വളരെ ശ്രദ്ധേയമായ ഒന്നാണ്.
- മാതൃഭാഷക്ക് വേണ്ടിയുള്ള സമരം എന്ന കൃതിയിലെ ലേഖനമാണിത്.
- മാതൃഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് വ്യക്തമായി ഇതിൽ പറയുന്നുണ്ട്.
- മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മലയാള ഭാഷയുടെ പഠനം നടക്കേണ്ടതുണ്ട്. എന്ന ലേഖകന്റെ അഭിപ്രായം ഇതിൽ വ്യക്തമാണ്.
- കൃതികൾ : പ്രണയം, രാഷ്ട്രീയം, ആശാൻ കവിതാ പഠനങ്ങൾ. കോളനിയാനന്തര വാദം, ആധുനികതയുടെ കുറ്റസമ്മതം.
- IC ചാക്കോ അവാർഡ് മാതൃഭാഷക്ക് വേണ്ടിയുള്ള സമരം എന്ന കൃതിക്ക് ലഭിച്ചു.

- ആശയങ്ങളുടെ അവതരണമാണ് മാതൃഭാഷക്ക് വേണ്ടിയുള്ള സമരം എന്നതിൽ .
- സൈമൺ ലീസിൻറ ഉദ്ധരണിയോടെയാണ് ലേയനം തുടങ്ങുന്നത്.
- " തുല്യ യോഗ്യതയുള്ള രണ്ട് ഡോക്ടർമാരിൽ ആരുടെ ഉപദേശമാണ് സ്വീകരിക്കേണ്ടത് എന്ന പ്രശ്നം വരുമ്പോൾ അതിൽ ഞാൻ ചെക്കോവിനെ വായിച്ച ആളുടേതാണ് സ്വീകരിക്കുക" ഇതായിരുന്നു ഉദ്ധരണി.
- PSC അസിസ്റ്റൻറ് സർജൻമാരെ തിരഞ്ഞെടുക്കുന്ന പരീക്ഷയിൽ ഡോക്ടർമാർക്ക് സമാന്യ വിജ്ഞാനം ഇല്ലെന്ന പരാതി.
- രക്ഷിതാക്കൾ നിർബന്ധിച്ച് കുട്ടികള ഡോക്ടർ, എഞ്ചിനീയർ ആക്കുന്നത്.
- ഇംഗ്ലീഷ് മാധ്യമം വിദ്യാലയങ്ങൾ സാഹിത്യമോ മാതൃഭാഷയോ പഠിപ്പിക്കുന്നില്ല.




- ഭാഷ അറിയാത്ത ഡോക്ടർ രോഗിയെ എങ്ങനെ ചികിത്സിക്കും?
- 1795 ൽ ഇറങ്ങിയ ഫെഡറിക് ഹില്ലറുടെ മനുഷ്യൻറ സൗന്ദര്യാത്മക വിദ്യാഭ്യാസത്തെ പറ്റി എന്ന കൃതി.
- ഭൗതിക വസ്തുക്കളും ചരക്കുകളും മാത്രമല്ല മനുഷ്യരെ ഒരു സമൂഹവുമായി ബന്ധിപ്പിക്കുന്നത്.
- പ്രേമവും കാമവും തിരിച്ചറിയണം.
- മതസംഘടനകളുടെയും ആത്മീയ പ്രസ്ഥാനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഒന്നും അത് പഠിപ്പിക്കുന്നില്ല.
- മോസയുടെ 10 പ്രമാണങ്ങൾ അക്കമിട്ട് പഠിപ്പിക്കുന്നതിനേക്കാൾ നല്ലത്.
- ക്രിസ്തു പറഞ്ഞ് തരുന്ന കഥകൾ പഠിപ്പിക്കുന്നതാണ്.
- ആരോഗ്യനികേതനം എന്ന നോവൽ എല്ലാവരും വായിക്കണം.
- ജീവൻ മശായിയുടെ ജീവിതമാണ് അതിൽ .

- ഭൂമിയുടെ അവകാശികൾ എന്ന ബഷീർ കൃതി എഞ്ചിനീറിംഗ് കോഴ്സിൻറ ഭാഗമാക്കണം.
- വൈദ്യ മാനവിക ശാസ്ത്രം വിദേശ സർവകലാശാലയിലെ പോലെ ഇവിടെയും വേണം.






സഹായകഗ്രന്ഥങ്ങൾ .

1. മാതൃഭാഷക്ക് വേണ്ടിയുള്ള സമരം- പി. പവിത്രൻ.
2. ഡോക്ടർമാരുടെ രോഗം - വേണ്ടത് സൗന്ദര്യാത്മക വിദ്യാഭ്യാസം– പി പവിത്രൻ
3. ഗൂഗിൾ വിക്കിപീഡിക .

...........................................................................................................

...........................................................................................................

CPA COLLEGE OF GLOBAL STUDIES

# 5.അപ്രാപ്യമായ ഒരു വിതാനം


# കെ പി ശങ്കരൻ

- അധ്യാപകനും സാഹിത്യനിരൂപകനും ആയിരുന്നു കെ പി ശങ്കരൻ.
- 1939-ൽ തൃശ്ശൂർ ജില്ലയിലെ പൈങ്കുളത്ത് ജനിച്ചു.
- കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.




- വൈക്കം മുഹമ്മദ് ബഷീർ കൃതികളെ മുൻ നിർത്തിയുള്ള വിശകലനമാണ് ഈ ലേഖനം.
- പാത്തുമ്മയുടെ ആട്, ബാല്യകാലസഖി, ൻറുപ്പൂപ്പാക്കൊരാനണ്ടാർന്നു തുടങ്ങിയ കൃതികളെ മുൻ നിർത്തിയാണ് വിശകലനം.
- ആർ ഇ ആഷർ ആണ് കൃതികളുടെ വിവർത്തകൻ.
- അതിൽ വന്ന ഭാഷാപരമായ സവിശേഷതകൾ പരിമിതികൾ ഇവ കണ്ടെത്തുകയാണ് ലേഖകൻ.
- ബഷീർ ഭാഷ തന്നെയാണ് ബഷീർ ശൈലി.
- ആർക്കും അനുകരിക്കാനാകാത്ത ഒന്നാണ് അത്.
- സാംസ്കാരിക മുദ്രയാണ് അതെന്ന് പറയാം.
- അത് വിവർത്തനം ചെയ്യുമ്പോൾ കുറേ കാര്യങ്ങൾ ശ്രദ്ധിക്കണം.
- ആഷറും കൂട്ടുകാരും (അച്ചാമ്മ കോയിപ്പറമ്പിൽ, ചന്ദ്രശേഖരൻ) നടത്തിയ വിവർത്തനം നിസ്തുലമാണ് എന്നാണ് കെ പി ശങ്കരൻ പറയുന്നത്.


- മൂലകൃതിയിൽ നിന്ന് വേറൊരു ഭാഷയിലേക്ക് മാറുമ്പോൾ അതിൽ വരുന്ന മാറ്റങ്ങൾ ദൃഷ്ടാന്തങ്ങളിലൂടെ വിവരിക്കുന്നു.
- ബാല്യകാല സഖിയിൽ സുഹ്റ മജീദിനെ ചെറ്ക്കാ എന്നും മജീദ് സുഹ്റയെ പെണ്ണേ എന്നും വിളിക്കുന്നുണ്ട്.
- ഇത് രണ്ടും സാമാന്യമായി പ്രഥമപുരുഷനിലാണ് (third person) പരാമർശിക്കുക.



- ഇവയെ മധ്യമ പുരുഷനിൽ (Second person) അവതരിപ്പിക്കുന്ന സംബോധനകൾ എന്ന നിലക്ക് ബഷീർ പ്രയോഗിച്ചു.
- ഇതാണ് ബഷീർൻറ ഭാഷാ തന്ത്രം.
- ഇംഗ്ലീഷിൽ **You** എന്ന പദം ( മധ്യമ പുരുഷ സർവനാമം ) കൊണ്ടാണ് പ്രായേണ ഉപയോഗിക്കുന്നത്.
- വിവർത്തനത്തിൽ ആഷർ അതിനെ **You Reprobate** എന്നാണ് പ്രയോഗിച്ചത്.
- ഈ സന്ദർഭത്തെ ആശാൻ കൃതിയായ നളിനിയും തകഴിയുടെ ചെമ്മീനും വച്ച് ഉദാഹരിച്ചു.
- ഒരിക്കലും പ്രാപിക്കാൻ പറ്റാത്ത ഒന്നാണ് വിവർത്തനം എന്നാണ് ലേഖകൻ കണ്ടെത്തിയത്.
- ഉപോൽപന്നങ്ങൾ മൂലകൃതിയോട് പൂർണ്ണമായും നീതി പുലർത്തണം.
- വിവർത്തനം ചെയ്യപ്പെട്ട ചലചിത്രം, നാടകം എന്നിവയെല്ലാം ഉപോൽപന്നങ്ങളാണ്.
- സർഗാത്മക കൃതിക്ക് അങ്ങനെ ഒരു അപ്രാപ്യമായ വിതാനം ഉണ്ട് എന്ന് പറഞ്ഞു കൊണ്ട് ലേഖനം അവസാനിപ്പിക്കുന്നു.




സഹായകഗ്രന്ഥങ്ങൾ :

1. അപ്രാപ്യമായ ഒരു വിതാനം- കെ പി ശങ്കരൻ.
2. ബാല്യകാലസഖി- ബഷീർ
3. ചെമ്മീൻ- തകഴി
4. പാത്തുമ്മയുടെ ആട്- ബഷീർ
5. ഗൂഗിൾ പേജ് ചിത്രങ്ങൾ.

......................................................................................


......................................................................................


CPA COLLEGE OF GLOBAL STUDIES

# 6.റൂമിയുടെ വിവർത്തനങ്ങൾ

# വ്യാജ സൂചനകൾ

- മൗലാനാ ജലാലുദീൻ മുഹമ്മദ് റൂമി എന്ന ജലാലുദ്ദീൻ റൂമി ഒരു പേർഷ്യൻ കവിയും പിതാവിനെ പോലെ തന്നെ സൂഫിസന്യാസിയും ആയിരുന്നു.
- പതിമൂന്നാം നൂറ്റാണ്ടാണ് കാലഘട്ടം.
- റൂമി എന്ന പേരിൽ അറിയപ്പെട്ട ഇദ്ദേഹം ബിൽഖ് എന്ന അഫ്ഗാനിസ്ഥാനി സ്ഥാനിലെ ഒരു പ്രവിശ്യയിൽ 1207 ൽ ജനിച്ചു.
- 1244 ൽ പ്രസിദ്ധ സൂഫി സന്യാസിയായ ശംസുദ്ദീൻ തബ്രിസിയിൽ നിന്ന് പുതിയ സൂഫി ജീവിതം തുടങ്ങി.
- ഗുരുവിന്റെ കൊലപാതകം റൂമിയെ തളർത്തി.
- തന്റെ തുടർന്നുള്ള കാലം ധ്യാനഘട്ടമായി മാറി.
- മസ്നവി എ മഅനവി ഈ സമയത്ത് രചിച്ച കൃതിയാണ്. ആത്മീയ ജ്ഞാന ഈരടികൾ എന്നാണ് അതിന്റെ അർത്ഥം.
- 1273ൽ അറുപത്താറാം വയസ്സിൽ റൂമി അന്തരിച്ചു. അടക്കം ചെയ്ത സ്ഥലം ഹരിത ശവകുടീരം എന്ന് അറിയപ്പെട്ടു.
- റൂമിയുടെ പ്രഭാഷണങ്ങള്ളും പദ്യങ്ങളും കത്തുകളും ഗദ്യങ്ങളും എല്ലാം സമാഹാരമായി ഇറങ്ങിയിട്ടുണ്ട്.
- കെ ജയകുമാർ ആണ് റൂമിയുടെ പല കൃതികളും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അതിൽ ഒന്നാണ്




വ്യാജ സൂചനകൾ.

- ദൈവ സ്നേഹത്തിന്റെ പ്രവചനാതീതമായ ദർശനത്തിലേക്ക് ഒഴുകുന്ന കവിതകൾ സൂഫികൾ എഴുതുന്നു.

- സ്നേഹത്തിന്റെ ദർശനങ്ങളാണ് അന്വേഷണങ്ങളാണ് സൂഫി കവിതകളുടെ പ്രത്യേകത.
- സൂക്ഷ്മമായ നോട്ടങ്ങളിലേക്ക് സ്വയം വിധേയമാകുന്ന പ്രണയിനികളായി സൂഫികൾ മാറാറുണ്ട്.







- ആത്മീയ ലോകത്തിലേക്ക് വായനക്കാരെ ഇവർ നയിക്കും.
- കവികൾ പ്രണയികളാകുന്നു എന്നത് റൂമിയുടെ കവിതയിൽ പറയുന്നുണ്ട്.
- " പ്രണയമല്ലാതൊരു സഹചരനെനിക്കില്ല
  തുടക്കമില്ല, ഒടുക്കമില്ല, പുലർച്ചയില്ല.
  ഉള്ളിലിരുന്നാത്മാവു വിളിയ്ക്കുന്നു :
  'പ്രണയത്തിന്റെ വഴിയറിയില്ല നിനക്കെങ്കിൽ
  ഈ കൂടു തുറന്നെന്നെ വിട്ടയയ്ക്കണേ'
- വ്യാജസൂചനകൾ എന്ന കവിത ആത്മീയമാകുന്ന പ്രണയത്തെ പുൽകുന്നതാണ്.
- കവിതയുടെ തുടക്കത്തിൽ ഒരു ചോദ്യമാണ് ഉള്ളത്.
- ഭൗതികമായ ഈ ലോകത്തിന്റെ മായക്കാഴ്ചകളും സ്വാർത്ഥതയും കപടതയും വ്യാജമാണ്.
- സൂചനകളിലൂടെ അത് നിന്നിലേക്കെത്തുന്നുണ്ട്.
- എന്നാൽ അതൊന്നും നീ കാര്യമായി തടുത്തില്ല എന്ന ഒരു വേവലാതി കവിയിൽ ഉണ്ട്.
- കാപട്യത്തിൽപെടാതെ സൂഫികൾ മുന്നോട്ട് പോകുന്നത് ഈ വ്യാജത്തിൽ വീഴാത്തതു കൊണ്ടാണ്.
- ആത്മാണ് ധ്യാനമെന്ന ചിന്തയാണതിന് പ്രേരകമായത്.

- കപട ലോകത്തിന് അപ്പുറം കടന്നാൽ പ്രപഞ്ചത്തിന്റെ എല്ലാ പ്രവർത്തനത്തിന്റെയും ഊർജ്ജ വാഹകനായ സൂര്യനായി നീ മാറും.
- എന്നിട്ടും എന്തുകൊണ്ട് നീ കിരീടം ചൂടുന്നില്ല എന്ന് കവി ചോദിക്കുകയാണ്.
- ആത്മീയ ജ്ഞാനം നേടിയ ഒരാൾക്ക് അധികാര മോഹം ഉണ്ടാകില്ല.
- അതിനാലാണ് കവി ഇങ്ങനെ ചോദിക്കുന്നത്.
- ഭൗതിക ലോകത്തെ യാഥാർഥ്യങ്ങൾ എങ്ങനെയായാലും സൂഫികൾക്ക് അതിലൊന്നും താൽപര്യം
- ആത്മാവിലേക്ക് നീ നോക്കുന്നത് എന്തിനാണെന്ന് കവി ചോദിക്കുന്നു.
- പ്രണയത്തിന്റെ ആത്യന്തികമായ അനുഭവമാണ് ഇവിടെ പറയുന്നത്.
- ഒരത്ഭുത പതംഗമായി(പറവ) കവി പ്രണയത്തെ കാണുന്നു.
- കവചങ്ങളെ പോലെ ഉള്ള ചിറകുകൾ എന്ന പ്രയോഗത്തിൽ പ്രണയാർദ്രമായ ആത്മാവിന്റെ സഞ്ചാരമായി കാണാം.
- ഭൗതിക ലോകത്തിലെ തീരാ ദു:ഖത്തിൽ നിന്നെല്ലാം ആത്മാവിനെ സംരക്ഷിക്കാൻ ഈ ചിറകുകൾക്ക് കഴിയുന്നു
- അതിനാലാണ് അത് അത്ഭുത കവചമായത്.
- രണ്ട് പക്ഷങ്ങളിൽ പറന്നുയർന്ന നിന്നിൽ ഒരു പതറി ച്ചയും ഞാൻ കണ്ടില്ല.
- ഇവിടെ പക്ഷം എന്ന പ്രയോഗത്തെ വ്യാഖ്യാനിക്കാവുന്നതാണ്.
- സുഖാനുഭവം ദുരിതാനുഭവം ഇവയിലൂടെയാണ് യാത്ര.
- എന്നിട്ടും രണ്ട് ഭാഗത്തെയും ബാലൻസ് ചെയ്യാൻ നിനക്ക് കഴിഞ്ഞു എന്ന് .
- ആത്മത്തിന് പ്രാധാന്യം നൽകുന്നതിനാലാണ് അത് സാധ്യമാകുന്നത്.
- ആത്മാവിനെ വേദനിപ്പിക്കാൻ ഭൗതികമായ ഒന്നിനും കഴിയില്ല.
- പ്രണയത്തിന്റെ ശക്തികൊണ്ടാണ് ആത്മാവിനെ സംരക്ഷിക്കാൻ കഴിയുന്നത്.
- തന്നിൽ നിന്നും മറ്റൊന്നിലേക്ക് ആത്മാവ് അകന്ന് പോയതു പോലെയാണ് പ്രണയം.
- തന്റെ ആത്മാവ് മറ്റൊന്നിലേക്ക് ചേക്കേറുകയാണ്. എന്ന്
- പ്രകൃതി നിയമം കവി പറയുകയാണിനി.
- ശരത്കാലത്തിനൊപ്പം കടന്ന് പോകുന്ന പനിനീർ പൂവാക്കുന്ന ആത്മാവിനെ കവി ശ്രദ്ധിക്കുന്നു.
- പ്രണയാനുഭൂതിയുടെ പാരമ്യതയിൽ ലോകത്തിന്റെ മേൽക്കൂരയിൽ ആത്മാവ് എത്തുന്നു.

- അവിടെ നീ മഴയായി തിരിച്ചെത്തുകയാണ്. അത് പുനർ ജൻമത്തിന് കാരണമാകുന്നു.
- പ്രണയത്തിൽ വിടർന്ന് പടർന്നാടാൻ ഇതിലൂടെ കഴിയുന്നു.
- സൂഫികളുടെ മൗനത്തെയാണ് ഇനി സൂചിപ്പിക്കുന്നത്.
- പല വാക്കും കൂരമ്പുകളായി മാറാറുണ്ട്. അവയിൽ നിന്ന് ഒഴിഞ്ഞ് നിൽക്കാനാണ് കവി പറയുന്നത്.
- പല മൗനങ്ങളും , നിശബ്ദതകളും അർത്ഥവത്താകാറുണ്ട്.
- ആത്മാവിന് സംവദിക്കാനുള്ള അവസരമാണ് മൗനത്തിലൂടെ ലഭിക്കുന്നത്.
- മൗനം വാചാലമാകുന്നത് അപ്പോഴാണ് .
- ക്ഷമ, നിശബ്ദത ഇവ ഇവിടെ ആവശ്യമാണ്.
- പ്രണയികൾ തമ്മിൽ കൂടുതൽ അടുക്കുന്നത് നിശബ്ദതയിലൂടെയാണ്.
- അസാന്നിധ്യം പ്രണയത്തിന്റെ തീവ്രത വർദ്ധിപ്പിക്കും.
- മിത്രമായി അഭയം നൽകുന്നതും പ്രണയം തന്നെ അപ്പോൾ നീ സ്വയം മറന്ന് പോകരുത്.
- പങ്കു വക്കുന്ന സ്നേഹവായ്പുകൾ എന്നും ആവശ്യമാണ്.
- ശാരീരികമായ പ്രണയത്തിന് ഇവിടെ ഒരു പ്രാധാന്യവും ഇല്ല.
- ആത്മീയമായ പ്രണയം ഈ ലോകത്തു നിന്ന് പോയാലും പ്രകൃതി രൂപങ്ങളിലൂടെ എന്നും നിലനിൽക്കുക തന്നെ ചെയ്യും.
- പല വ്യാഖ്യാനങ്ങൾക്കും റൂമിയുടെ കവിതകൾ വഴിവക്കുന്നുണ്ട് എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

സഹായകഗ്രന്ഥങ്ങൾ :


1. റൂമിയുടെ നൂറ് കവിതകൾ - കെ ജയകുമാർ
2. വ്യാജ സൂചനകൾ - റൂമി
3. മസ്നവി - ജലാലുദ്ദീൻ റൂമി


.......................................................................................................

.......................................................................................................

# 7.എച്ചിൽ

# ഓം പ്രകാശ് വാത്മീകി

- ഹിന്ദോൻ തടത്തിൽ നിന്നെത്തിയ ഹിന്ദി സാഹിത്യകാരനാണ്.
- 1950 ജൂൺ 30 ന് ജനനം. 2013 നവംബർ 17 ന് അർബുദ രോഗത്തെ തുടർന്ന് മരണം.
- ഡറാഡൂണിലെ ആയുധ ഫാക്ടറിയിൽ നിന്ന് വിരമിച്ചു. ഭാരതീയ ദളിതന്റെ ജീവിത നേർക്കാഴ്ചകൾ എഴുത്തിലൂടെ പകർത്തി.
- കരിമ്പുപാടങ്ങളിലെ മധുരത്തിനായി കയ്പു കുടിക്കുന്നവരെ പറ്റിയാണ് വാത്മീകി എഴുതിയത്.



- വേദങ്ങൾ സ്ഥാപിച്ചെടുക്കുന്ന ഫ്യൂഡൽ മൂല്യങ്ങളെ വിചാരണ ചെയ്യുന്ന ആത്മകഥയാണ് വാത്മീകിയുടെ ജൂഠൻ.
- കവിതകൾ: സാദിയോം കാ സന്താപ് (1989), ബസ് ബഹുത് ഹോ ചുകാ (1997), അബ് ഓർ നഹി (2000).

- പുരസ്ക്കാരങ്ങൾ: അംബേദ്ക്കർ രാഷ്ട്രീയ പുരസ്ക്കാരം, സാഹിത്യ ഭൂഷൺ പുരസ്ക്കാരം.




- 1993 ൽ ഓം പ്രകാശ് വാത്മീകി എഴുതിയ പ്രസിദ്ധമായ ആത്മകഥയാണ് ജൂഠൻ.
- ഇത് നിഷ കെ നായർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. മലയാള മനോരമയുടെ സബ് എഡിറ്റർ ആയിരുന്നു നിഷ. എച്ചിൽ എന്ന പേരാണ് അതിന് നൽകിയത്.
- ഇന്ത്യയിൽ ദളിത് സാഹിത്യം ധാരാളം പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.
- എച്ചിൽ എന്ന ആത്മകഥ അത്തരത്തിൽ ഒരു രചനയാണ്.
- രാജ് കിഷോർ ജി എന്ന പ്രസാധകൻ ഓം പ്രകാശ് വാത്മീകിയോട്" ഹരിജൻ സെ ദളിത്" അഥവാ ഹരിജനിൽ നിന്ന് ദളിതനിലേക്ക് എന്ന പ്രമേയം ആസ്പദമാക്കി കൃതി എഴുതാൻ ആവശ്യപ്പെട്ടു.
- ജൂഠൻ എഴുതാനിടയാക്കിയ പ്രേരണ ഇതാണ്.
- സമൂഹത്തിൽ ധാരാളം അലയൊലികൾ ഉണ്ടാക്കി.
- ഇംഗ്ലീഷ് ഭാഷയിലേക്കും ഇന്ത്യയിൽ ഒട്ടുമിക്ക ഭാഷകളിലേക്കും ഇത് വിവർത്തനം ചെയ്യപ്പെട്ടു.
- മലയാളത്തിൽ എച്ചിൽ എന്ന പേരിൽ നിഷ കെ നായരും ജൂഠൻ ഒരു ദളിതന്റെ ജീവിതം എന്ന പേരിൽ പി എ ഹമീദും വിവർത്തനം നടത്തി.
- ഇന്ത്യൻ ദളിത് സാഹിത്യത്തിൽ അത്രയേറെ പ്രാധാന്യം ഈ കൃതിക്ക് ഉണ്ട്.
- ദളിത് ജീവിതം സവർണാധിപത്യത്തിന് കീഴിൽ അനുഭവിക്കുന്ന പീഠനങ്ങൾ ഇതിൽ കാണാം.


- സവർണ്ണർക്ക് മാത്രമേ വിദ്യഭ്യാസം എന്ന ഒരു കാലഘട്ടത്തിൽ നിന്ന് എല്ലാവർക്കും വിദ്യാഭ്യാസം എന്ന തലത്തിലേക്ക് എത്തുന്ന വിജയം ഇതിലുണ്ട്.
- അതിനിടക്ക് സഹിക്കേണ്ടി വന്ന പ്രയാസങ്ങൾ വളരെയാണ്. ഇതിൽ ജാതീയ വിവേചനത്തെ പറ്റി ഒരു വരിയുണ്ട്.:-
- " പട്ടികളെ തൊടാം പൂച്ചകളെയും കാലികളെയും തൊടാം. പക്ഷെ ജൂഹരകളെ തൊട്ടു കൂട"
- ജാതിയിൽ താഴ്ന്നവരാണ് ജൂഹരകൾ. ഇവരെ തൊട്ടവർ പാപികൾ ആണത്രേ.
- ആ പാപം തീരണമെങ്കിൽ ഏഴ് വട്ടം കുളിക്കണം.
- ഒരു ദളിത് വിഭാഗത്തിൽ ജനിച്ചവനായതിനാൽ ധാരാളം പീഠനങ്ങൾ അനുഭവിച്ചു.
- മരണശേഷവും ഇവർ പീഠിപ്പിക്കപ്പെട്ടു. ഇന്നും അതിന്റെ തീവ്രത




നിലനിൽക്കുന്നുണ്ട്.

- വിദ്യാലയത്തിൽ ചേർന്ന് പഠിക്കാൻ സവർണ്ണർക്ക് മാത്രമേ അവകാശം ഉണ്ടായിരുന്നുള്ളു.
- വളരെ പ്രയാസപ്പെട്ടാണ് ഓംപ്രകാശ് വാത്മീകിക്ക് വിദ്യാലയത്തിൽ പ്രവേശനം ലഭിച്ചത്.
- ധാരാളം പ്രതീക്ഷകളോടടെ എത്തിയ ഇവർക്ക് ക്ലാസ്സല്ല കിട്ടിയത്. വിദ്യാലയം വൃത്തിയാക്കാനുള്ള പണിയായിരുന്നു.കൂടാതെ ജൂഹര ചെക്കാ എന്ന വിളിയും.
- അവഹേളനങ്ങളെ അവഗണിച്ച് പഠിക്കാനുള്ള ആഗ്രഹത്തോടെ അദ്ദേഹം പഠിച്ചു.
- ഓം പ്രകാശ് വാത്മീകിയെ കണ്ടാൽ സവർണനാണെന്ന് തോന്നും. അങ്ങനെ കൂറേ പേർ സൗഹൃദത്തിലായി.

- സവർണനെന്ന് കരുതി ഒരു യുവതി പ്രണയിച്ചു. സത്യമറിഞ്ഞപ്പോൾ ഉപേക്ഷിക്കുകയും ചെയ്തു.
- മൂന്ന് അനുഭവങ്ങൾ ഇതിൽ പങ്കുവക്കുന്നുണ്ട്.
- ത്യാഗി ഇന്റർ കോളേജിൽ ആണ് പഠിച്ചത്. ഫുൽ സിംഗ് എന്ന കായിക അധ്യാപകനെ കുട്ടികൾ ഭയത്തോടെയാണ് കണ്ടത്.
- ജാതിവാദിയായിരുന്നു അയാൾ. സ്കൂൾ അസംബ്ലിയിൽ വികൃതി കാട്ടിയ കുട്ടികളെ ലീഡർ ആയ റാം സിംഗ് അരുതെന്ന് ആംഗ്യം കാട്ടി.
- റാം സിംഗ് എന്ന സവർണ വിദ്യാർത്ഥി ചെയ്തത് ഫുൽ സിംഗ് കണ്ടു.
- ആ വിദ്യാർത്ഥിക്ക് പകരം നിരപരാധിയും ദളിതനുമായ സൂർജനെ പിടിക്കുന്നതും ക്രൂരമായി ശിക്ഷിക്കുന്നതും കാണാം.
- ഇതാണ് ഒന്നാമത്തെ അനുഭവം.
- രണ്ടാമത്തെത് സുഹൃത്തായ ഭിഗുരാമിന്റെ കൂടെ സൈക്കിളിൽ കയറാനുള്ള പൂതിയോടെ ബ്രിച്പാൽ എന്ന അധ്യാപകന്റെ വീട്ടിലെത്തിയപ്പോഴത്തെതാണ്.
- സവർണനെന്ന് കരുതി ആ വീട്ടുകാർ ഇവരെ സ്വീകരിച്ചത് ഭക്ഷണം നൽകിയത്.
- ജാതി അറിഞ്ഞപ്പോൾ വടിയെടുത്ത് അടിക്കുകയും തെറി പറഞ്ഞ് ആട്ടി ഓടിക്കുകയും ചെയ്തത്.
- സൈക്കിൾ കേട്ട് വന്നതിനാൽ കിട്ടിയ ബസ്സിന് ഭിഗുരാം കയറിപോയി. ഓം പ്രകാശ് ഒറ്റക്കായി.
- ബസ്സിനുള്ള പണം ആരുടെ എങ്കിലും കയ്യിൽ നിന്ന് കിട്ടുമോ എന്നന്വേഷിച്ച് നടന്നു.




- ഒരു ഓഫീസ് കണ്ട് അവിടെ കയറി. വേൽ പാൽ ത്യാഗി എന്ന ആളുടെ ഓഫീസ് ആയിരുന്നു അത്.
- രാത്രി അവിടെ കിടക്കാനും രാവിലെ ബസ്സിനുള്ള പണം തരാമെന്നും അയാൾ പറഞ്ഞു.
- ആ രാത്രി ഓഫീസറും ഒരു സുഹൃത്തും അവിടേക്ക് വന്ന സ്ത്രീയെ പീഡിപ്പിക്കുന്നത് കുട്ടി കണ്ടു.

- പാവം ആ സ്ത്രീയുടെ അവസ്ഥ ഇന്നോർത്ത് എഴുത്തുകാരൻ വിഷമിച്ചു.
- മൂന്നാമത്തേത് കണക്കിലെ സംശയം ചോദിക്കാനായി ബ്രിച്ച് പാൽ മാസ്റ്ററുടെ വീട്ടിൽ എത്തിയ അനുഭവമാണ്.
- കണക്ക് പറഞ്ഞ് കൊടുക്കുന്നതിന് പകരം ഗോതമ്പ് മില്ലിൽ കൊണ്ട് പോയി പൊടിപ്പിക്കാൻ പറയുകയാണ് അധ്യാപകൻ.
- വിദ്യാലയത്തിലെ പരീക്ഷകളിൽ ഇവർക്ക് നല്ല മാർക്കുണ്ടാക്കും. എന്നാൽ പ്രാക്ടിക്കൽ പരീക്ഷയിൽ തീരെ മാർക്ക് കിട്ടില്ല.
- അതിന് മാർക്കിട്ടിരുന്നത് സവർണർ ആയിരുന്നു.
- ഇങ്ങനെ എതിർക്കാനോ തിരുത്താനോ കഴിയാതെ സഹനത്തോടെ ജീവിച്ചവരുടെ നേരനുഭവങ്ങളാണ് ഇതിൽ ഉള്ളത്.
- ശരൺകുമാർ ലിംബാലെയുടെ അക്കർ മാശി, ജയമോഹന്റെ നൂറ് സിംഹാസനങ്ങൾ, ദയാ പവാറിന്റെ ബലൂത, ബേബി കാംബ്ലെയുടെ ജിന അമേച്ച തുടങ്ങിയ കൃതികൾ ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്.

സഹായകഗ്രന്ഥങ്ങൾ :


1. ജൂഠൻ - ഓം പ്രകാശ് വിത്മീകി
2. എച്ചിൽ - നിഷ കെ നായർ
3. ഒരു ദളിതന്റെ ജീവിതം - പി എ ഹമീദ്.
4. ഗൂഗിൾ പേജ്.


..........................................................................................

..........................................................................................

CPA COLLEGE OF GLOBAL STUDIES

# 8.അറിവിന്റെ ഫലങ്ങൾ

## എം ഗോവിന്ദൻ ,

- ചിന്തകൻ, കവി, വിമർശകൻ തുടങ്ങിയ മേഖലകളിൽ പ്രസിദ്ധനാണ് എം ഗോവിന്ദൻ,
- 1919 ഒക്ടോബർ 15 ന് കുറ്റിപ്പുറത്തെ തൃക്കണാപുരത്ത് ജനിച്ചു. 1989 ജനുവരി 22 ന് നിര്യാതനായി.
- ഇംഗ്ലീഷിലും മലയാളത്തിലും എഴുതാറുണ്ട്. പത്രാധിപരായി ജോലി ചെയ്തു.
- പുതിയ മനുഷ്യൻ പുതിയ ലോകം എന്ന കൃതിയിലെ ഒരു അധ്യായമാണ് അറിവിന്റെ ഫലങ്ങൾ.
- നാടകം ഉപന്യാസങ്ങൾ കഥകൾ വിവർത്തനം തുടങ്ങി ധാരാളം കൃതികൾ എഴുതിയിട്ടുണ്ട്.
- ലേഖനം തുടങ്ങുന്നത് തിന്നരുത് അറിവിന്റെ ഫലം എന്ന് പറഞ്ഞു കൊണ്ടാണ്.
- ഇത് ആദാമിനോടും ഹവ്വയോടും ഈശ്വരൻ കല്പിച്ച വാക്കുകളാണ്.
- ആദാമിന്റെ വഴിയാണ് പിന്നീട് അവൻ തുടർന്നത്.
- അരുതെന്ന് പറഞ്ഞിട്ടും അറിവിന്റെ ഫലം അവൻ തിന്നു.



- അതിന് ശേഷം നടന്ന കാര്യങ്ങളുടെ അന്വേഷണമാണ് ഇവിടെ തന്നിട്ടുള്ളത്.
- മനുഷ്യന് സ്വാതന്ത്ര്യത്തിന്റെ എല്ലാ അധികാരവും നൽകിയ കാലത്ത് തന്നെയാണ് നൻമ തിൻമകളെ തിരിച്ചറിയുന്ന അറിവിന്റെ ഫലം തിന്നരുതെന്ന് പറഞ്ഞത്.
- തരിശായ ലോകത്തെയാണ് ജീവ ഭൂമിയാക്കി ഏദൻതോട്ടത്തെ ദൈവം സൃഷ്ടിച്ചത്.
- അതിലെ തോട്ടക്കാരന് ഇണ വേണമല്ലോ എന്ന് കരുതിയാണ് ഹവ്വയെ സൃഷ്ടിച്ചത്.
- വസ്ത്രം ഇല്ലാതെ സർവസ്വതന്ത്രരായി അവർ ജീവിച്ചു.

- ജി.യുടെ വിലാസലഹരി എന്ന കവിതയിലെ വരിയിൽ പറഞ്ഞ പോലെ ആനന്ദലബ്ധിക്കിനി എന്തു വേണം?
- സംരക്ഷണം നൽകാനായി സർവശക്തൻ തൃക്കൺപാർത്തിരിക്കുകയാണ്.
- എന്നിട്ടും ആദം ദൈവത്തെ ധിക്കരിച്ചു.
- അത് കനകം മൂലമോ കാമിനിമൂലമോ അല്ല.
- അടിമകൾ എന്ന ചിന്തയാണ് പ്രവർത്തന സ്വാതന്ത്ര്യം ഇല്ലായ്മയാണ് ധിക്കരത്തിന് പ്രേരിപ്പിച്ചത്.
- യഹോവ അവനെ ശപിക്കുന്നുണ്ട്.ഏദൻ തോട്ടത്തിൽ നിന്ന് ആട്ടിയകറ്റുകയും ചെയ്തു.
- ഭൂമിയിൽ കഷ്ടതയിലൂടെ വേണം ഇനി ജീവിക്കാൻ. മുഖത്തെ വിയർപ്പോടെ ഉപജീവനം കഴിക്കും.




- അങ്ങനെ ആദ്യം സ്വർഗ രാജ്യത്തിന്റെ അസ്തമനത്തിൽ നിന്ന് മനുഷ്യ രാജ്യത്തിന്റെ ഉദയത്തിലെത്തി.
- ഉദ്യാനപാലകന്യം കൃഷിക്കാരനും കാരണവനും എല്ലാം അവൻ തന്നെ.
- ഇങ്ങനെയാണ് സ്വാതന്ത്ര്യത്തിന്റെ ഉദ്പത്തി എന്ന് പറയാം.
- ആദവും ഹവ്വയും അതിന്റെ ഉദ്ഘാടകരാണ്.
- ആദം രണ്ട് തരത്തിൽ ഉദ്പാദകനായി. ഭൂഗർഭത്തിലും ഹവ്വാ ഗർഭത്തിലും ബീജാവാപം ചെയ്തു കൊണ്ട്.
- സ്വർഗ്ഗത്തിലെ ഏക ശാസനക്രമത്തിൽ നിന്ന് അവർ ഇവിടെ സ്വതന്ത്രരായി.
- മുഷ്കരമായ ബഹിഷ്കരണവും ഒറ്റപ്പെടലും ഒടുവിൽ അവരെ സ്വയം ഭരണത്തിലേക്ക് നയിച്ചു.

……………………………………………………………………………………………………………………

……………………………………………………………………………………………………………………

# 9. വ്യക്തിനാമ പഠനം

# ഡോ. എം വി വിഷ്ണുനമ്പൂതിരി.

- 1939 ൽ കണ്ണൂർ ജില്ലയിലെ രാമന്തളിയിൽ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ദ്രൗപതി അന്തർജനത്തിന്റെയും മകനായി ജനിച്ചു. 2009 മാർച്ച് 9 ന് നിര്യാതനായി.
- ഫോക് ലോർ രംഗത്ത് അറുപതിൽപരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- നാട്ടറിവും നാമ പഠനവും എന്ന പുസ്തകത്തിലെ ഒരു ഭാഗമാണ് വ്യക്തി നാമ പഠനം എന്ന ലേഖനം.
- ഒരോ വ്യക്തിക്കും പേരുണ്ട്. അവ വ്യത്യസ്തവും ആണ്.
- പേരിൽ എന്തിരിക്കുന്നു എന്ന് പറയുന്നവർക്കുള്ള മറുപടിയാണ് ഈ ലേഖനം എന്ന് പറയാം.



- ദ്രവ്യവും ദ്രവ്യനാമവും എന്ന പോലെ വ്യക്തിയും വ്യക്തിനാമവും തമ്മിൽ നല്ല ബന്ധം ഉണ്ട്.
- വ്യക്തിനാമങ്ങൾ പലതും ഉണ്ടാകുന്നത് പാരമ്പര്യ സൂചകമായും മതവിശ്വാസത്തിൽ അധിഷ്ഠിതമായും ആകാം.
- ഉദാ:- മരുമക്കത്തായത്തിൽ അമ്മാവന്റെ പേര് ചേർക്കുന്നത്. മതവിശ്വാസത്തിൽ -അബ്ദുള്ള = അല്ലാഹുവിന്റെ ദാസൻ, യേശുക്രിസ്തു, കൃഷ്ണദാസ് തുടങ്ങിയവ.

- ദേവതാ നാമങ്ങളിൽ നിന്ന് ഉർവാടി, ചാത്തപ്പൻ ചാത്തൻ എന്നീ പേരുകൾ ഉണ്ടാകുന്നു.




- പുണ്യ നദികളുടെയും സൂര്യ ചന്ദ്രനക്ഷത്രങ്ങളുടെയും പര്യായങ്ങളും വ്യക്തിനാമമായി ഉണ്ടാകുന്നുണ്ട്.
- ജനിച്ച ആഴ്ചയുടെ പേര് വ്യക്തി നമമാകാറുണ്ട് ഉദാ:- തിങ്കൾ - ചോമൻ, ചൊവ്വ- അങ്കര, ബുധൻ- മുദ്ദ, തുടങ്ങിയ
- ജനിച്ച മാസത്തിന്റെ പേര് വ്യക്തി നാമമായി സ്വീകരിക്കാറുണ്ട്.

ഫാൽഗുനമാസം- ഫൽഗുനി,വൈശാഖമാസം– വൈശാഖി, മുഹ്റം മാസം- റംസാനി, ബക്രീദൻ തുടങ്ങിയ .

- ഇത് പോലെ ലോഹങ്ങൾ, ഋതുക്കൾ സസ്യലതാതികൾ, പൂക്കൾ, നിറം ഗുണം എല്ലാം വ്യക്തിനാമങ്ങളായി മാറുന്നുണ്ട്.
- പേരുകളുടെ ബഹുത്വം എന്നാൽ ഒന്നിൽ കൂടുതൽ പേര് ഒരാൾക്ക് ഉണ്ടാകുന്നതാണ്.
- നാമകരണ പ്രക്രിയ ഹൈന്ദവരിൽ മതപരമായ സംസ്കാര ക്രിയയാണ്.
- കുട്ടി ജനിച്ച് പതിനൊന്നാം ദിവസമോ പന്ത്രണ്ടാം ദിവസമോ ആണ് പേരിടൽ ചടങ്ങ് നടത്തുക.
- ജാതി തിരിവനുസരിച്ച് ചടങ്ങിനും ദിവസത്തിനും വ്യത്യാസം ഉണ്ട്.
- മുസ്ലിംങ്ങളും ക്രൈസ്തവരും മതപരമായ ഒരു സംസ്ക്കാര ചടങ്ങിന്റെ ഗൗരവത്തോടെയാണ് നാമകരണം ചെയ്യുന്നത്.
- ക്രൈസ്തവരുടെ ഈ ചടങ്ങ് മാമോദീസയിൽ ആണ് വരുന്നത്.
- ഓമന പേര് വിളിക്കുന്നത് സാധാരണമാണ്.
- കേരള ബ്രാഹ്മണർ മൂത്ത ആൺകുട്ടിയെ തമ്പാൻ, കുഞ്ഞമ്പു എന്നും രണ്ടാമത്തെ കുട്ടി ചിറ്റൻ, ചിറ്റു, അനിയൻ എന്നും വിളിക്കും.
- മൂത്ത പെൺകുട്ടിക്ക് കുഞ്ഞൂട്ടി എന്നും ഇളയവൾക്ക് അനീത്തി എന്നും വിളിക്കും.
- ഇങ്ങനെ വ്യക്തിനാമ പഠനത്തിന്റെ രസകരമായ ഒരു ഭാഗമാണ് ഇത്.

..............................................................

# 10. മനുഷ്യരെല്ലാം സഹോദരർ (ലേഖനം)


## എം കെ സാനു .

- അധ്യാപകനും ചിന്തകനും പുരോഗമന സാഹിത്യ സംഘം പ്രസിഡന്റ് എം എൽ എ തുടങ്ങിയ മേഖലകളിലെല്ലാം പ്രവർത്തിച്ചു.
- എഴുത്തച്ഛൻ പുരസ്ക്കാരം, വയലാർ അവാർഡ്, കേന്ദ്ര കേരള സാഹിത്യ അക്കാദമി പുരസ്ക്കാര ജേതാവും ആയിരുന്നു എം കെ സാനു
- 1928 ഒക്ടോബർ 23 ന് ആലപ്പുഴ ജില്ലയിലെ തുമ്പോളിയിൽ ജനിച്ചു.
- 1983 ൽ ആണ് അധ്യപക ജീവിതത്തിൽ നിന്ന് വിരമിച്ചത്.
- പ്രധാന കൃതികൾ: ചങ്ങമ്പുഴ -നക്ഷത്രങ്ങളുടെ സ്നേഹ ഭാജനം, മൃത്യുഞ്ജയം കാവ്യജീവിതം, ബഷീർ: ഏകാന്ത വീഥിയിലെ അവധൂതൻ തുടങ്ങി ധാരാളം രചനകൾ എഴുതിയിട്ടുണ്ട്.
- നാരായണ ഗുരുസ്വാമി എന്ന പുസ്തകത്തിലെ ഒരു അദ്ധ്യായമാണ് ഈ ലേഖനം.
- ഇന്നത്തെ സമൂഹത്തിൽ വളരെയേറെ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ട ഒന്നാണ് ഇത്.
- നാരായണ ഗുരു അരുവിപ്പുറത്ത് നടത്തിയ പ്രതിഷ്ഠയെ കുറിച്ച് പറഞ്ഞു കൊണ്ടാണ് ലേഖനം തുടങ്ങുന്നത്.
- മരുത്വാമലയിലെ ഏകാന്ത ധ്യാനത്തിന് ശേഷമാണ് അരുവിപ്പുറത്തെത്തുന്നത്.




- തെക്കൻ തിരുവിതാംകൂറിലെ നെയ്യാറിന്റെ തീരത്താണ് മനോഹരമായ അരുവിപ്പുറം.
- വലിയ രണ്ട് കുന്നുകളുടെ മധ്യത്തിൽ മനുഷ്യവാസമില്ലാത്ത കാടായിരുന്നു അവിടം.
- അവിടെ നിന്നാണ് ഗുരു മനുഷ്യ ജീവിതത്തെ നിരീക്ഷിച്ചത്.

- സാധാരണക്കാരുടെ ഇടയിലാണ് ഗുരു സഹവസിച്ചത്.
- ഒരു യോഗി തപസ്സിരിക്കുന്നെന്നറിഞ്ഞ് ആളുകൾ മാലയും പൂക്കളുമായി വന്ന് ആരാധിക്കാൻ തുടങ്ങി.
- നാണു സ്വാമി എന്നാണ് അവർ ഗുരുവിനെ വിളിച്ചത്.
- രാത്രിയിൽ കടപ്പുറത്തിരുന്ന് ധ്യാനിക്കുകയും വെളുപ്പാൻ കാലത്ത് മുക്കുവർക്കൊപ്പം മത്സ്യം പിടിക്കാൻ കൂടുകയും ചെയ്യും.
- സ്വാമികൾ വല തൊട്ടാൽ അധികം മത്സ്യം കിട്ടുമെന്ന് മുക്കുവർ വിശ്വസിച്ചു.
- മുക്കുവർക്കൊപ്പം മത്സ്യം ചുട്ടും വേവിച്ചും ഗുരു കഴിച്ചു പോന്നു.
- തിരുവനന്തപുരത്ത് സഞ്ചരിച്ച കാലത്ത് അവിടെയുള്ള തമിഴരും ചില നായൻമാരും മാത്രമേ ഗുരുവിനെ ആദരിച്ചുള്ളൂ.


- ഡോക്ടർ പൽപ്പുവിന്റെ കുടുംബവും ഈഴവരും ഗുരുവിനെ ഭ്രാന്തൻ എന്ന് വിളിച്ച് നിന്ദിച്ചു.
- ഗുരു ജാതി മത വ്യത്യാസമില്ലാതെയാണ് എല്ലാവരുടെയും കൂടെ കഴിഞ്ഞത്.
- ക്രിസ്ത്യാനികൾ മുസൽമാൻമാർ ഇവരുടെ കൂടെ മാംസം ബിരിയാണി പുലാവ് എന്നിവ കഴിച്ചിട്ടുണ്ട്.
- അവരുടെ കുട്ടികളെ പരിലാളിക്കുകയും ചോറ് വാരി കൊടുക്കുകയും ചെയ്തിരുന്നു.
- പച്ചയായ അനുഭവങ്ങളിലൂടെയും തത്വപരമായ സംവാദങ്ങളിലൂടെയും ആണ് നാണുസ്വാമി ജീവിത പ്രശ്നത്തെയും പരിഹാരത്തെയും കുറിച്ച് മനസ്സിലാക്കിയത്.
- അപാരമായ ഭൂഖണ്ഡത്തിന്റെ അവിഭാജ്യമായ അംശമാണ് ഓരോ വ്യക്തിയും .
- ഈ ചിന്ത ഗുരുവിന്റെ ജീവശ്വാസത്തിൽ കർന്നിരുന്നു.
- വിഭാഗീയമായ അതിർവരമ്പുകൾക്ക് അതീതമായി മനുഷ്യർ ഒരേ കുടുംബത്തിലെ അംഗങ്ങളാണ്.
- ജാതി മത വിശ്വാസങ്ങൾ അതിൽ വലിയ പല ഭിന്നതകൾ ഉണ്ടാക്കി.

..........................................................................................................

# 11.അനുഭവങ്ങൾ

## നന്തനാർ


.........


- പി.സി.ഗോപാലനാണ് നന്തനാർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്.
- തമിഴ് സന്യാസിയായ നന്തനാരോടുള്ള ഭക്തികൊണ്ടാണ് ആ പേര് സ്വീകരിച്ചതെന്ന് പറയപ്പെടുന്നു.
- പെരിന്തൽമണ്ണയിലെ അങ്ങാടിപ്പുറത്താണ് നന്തനാർ ജനിച്ചത്.
- പട്ടാളത്തിൽ സിഗ്നലോഫീസറായി ജോലിചെയ്തിട്ടുണ്ട്. ആത്മാവിന്റെ നോവുകൾ എന്ന പുസ്തകത്തിൽ പട്ടാളക്കഥകളാണ് ഉള്ളത്.
- നന്തനാരുടെ അവസാനത്തെ നോവലാണ് അനുഭവങ്ങൾ. പ്രസിദ്ധീകരണത്തിന് കൊടുത്തശേഷം പാലക്കാട്ടേക്കു ബസ് കയറി അവിടെ ഒരു മുറിയിൽ വിഷംകഴിച്ച് ആത്മഹത്യ ചെയ്യുകയായിരുന്നു.



- മരണത്തെ സ്നേഹിച്ചുകൊണ്ട് ജീവിക്കുക, ജീവിതത്തെ വെറുത്തുകൊണ്ട് ജീവിക്കുക എന്ന് ഈ നോവലിൽ നന്തനാർ പറയുന്നുണ്ട്.
- ഇതിലെ പ്രധാന കഥാപാത്രം ഗോപിയാണ്. പതിനെട്ടാം വയസ്സിലാണ് നന്തനാർ ഗോപി എന്ന കഥാപാത്രത്തിലൂടെ നമ്മോട് സംസാരിക്കുന്നത്.
- ഓരോ അധ്യായത്തിലും വിശപ്പാണ് വിഷയമെന്നുകാണാം.
- 1950-70 കാലഘട്ടമാണ് ഇതിൽ പ്രകടമാകുന്നത്.
- വള്ളുവനാട് താലൂക്കിലെ ചിത്രവും ജീവിതവും ഇതിലുണ്ട്.

- ഗോപിയും അമ്മയും (കുഞ്ചുക്കുട്ടിയമ്മ) വലിയൊരു നാലുകെട്ട് ഭാഗിച്ചപ്പോൾ കിട്ടിയ പത്തായപ്പുരയിലാണ് താമസം.
- ഇടിഞ്ഞുപൊളിഞ്ഞ് ചിതലെടുത്ത ഇടമായിരുന്നു അത്. രാമൻകുട്ടിയും മാളുക്കുട്ടിയും ഗോപിയുടെ സഹോദരങ്ങളാണ്.
- കുഞ്ചുക്കുട്ടിയമ്മയുടെ ആദ്യ വിവാഹത്തിലുണ്ടായ കുട്ടിയാണ് രാവുണ്ണി.
- ആദ്യഭർത്താവ് മരിച്ച് 16 സംവത്സരകാലം ഭർത്താവില്ലാതെ ജീവിച്ചു.
- അതിനുശേഷമാണ് പങ്കുണ്ണിനായരെ വിവാഹം ചെയ്യുന്നത്.
- ഈ നായർ ബന്ധത്തെ നാട്ടുകാർ പരിഹസിച്ചിരുന്നു.






- അവർ അതൊന്നും കാര്യമാക്കിയില്ല.
- അതിലുണ്ടായ മക്കളാണ് ഗോപി, രാമൻകുട്ടി, മാളുക്കുട്ടി എന്നിവർ.
- പങ്കുണ്ണി നായർ മരിക്കുന്നുണ്ട്. അതിനുകാരണക്കാരൻ ആകുന്നത് മൂത്ത മകൻ രാവുണ്ണിയാണ്.
- പങ്കുണ്ണി നായരെ അവൻ വീട്ടിൽനിന്ന് ഇറക്കിവിട്ടശേഷമാണ് അയാളുടെ മരണം.
- ഗോപിക്കും അമ്മയ്ക്കും എപ്പോഴും വിശപ്പുമാത്രമേ ഉള്ളൂ.
- നല്ല വൃത്തിയുള്ള അടുക്കളയാണ്. പക്ഷേ, കുറേകാലമായി അവിടെ തീ പൂട്ടിയിട്ട്.
- തറവാട്ടിൽ പോയി ചായച്ചണ്ടി വാങ്ങി വരാൻ അമ്മ ഗോപിയോട് പറയും.
- അവൻ അതുമായി വന്നാൽ വെള്ളം തിളപ്പിച്ച് ചണ്ടി അതിലിട്ട് ഇരുവരും കുടിക്കും.
- ചില ദിവസം തറവാട്ടിൽ നിന്ന് ശർക്കരയും പപ്പടവും കിട്ടും.

- തറവാട്ടിലുള്ളവർ മാളുക്കുട്ടിക്കും രാമൻകുട്ടിക്കും അവിടെ ബാക്കിവരുന്നതൊക്കെ കഴിക്കാൻ കൊടുക്കാറുണ്ട്.
- എന്നാൽ, ഗോപിക്ക് അതും കിട്ടില്ല. അഞ്ച് പറ നെല്ല് കടം വാങ്ങാനായി ഗോപിയും അമ്മയും അധികാരി നമ്പൂതിരിയുടെ ഇല്ലത്തേക്ക് പോകുന്നുണ്ട്.
- പൊരിവെയിലത്ത് നടന്നുക്ഷീണിച്ച് അവർ അവിടെയെത്തി. എന്തോ ഭാഗ്യത്തിന് അന്ന് അവിടെ നല്ല സദ്യയുണ്ടായിരുന്നു.




- വയറുനിറയെ ഭക്ഷണം കഴിച്ചപ്പോൾ ഗോപിക്ക് ഉറക്കം വന്നു.
- കുറേകാലത്തിനു ശേഷമാണ് വയറുനിറയെ ഉണ്ടത്. കുറേനേരം കഴിഞ്ഞ് അമ്മ ഗോപിയെ വിളിച്ചു,
- വന്ന കാര്യം നമ്പൂതിരിയോട് പറയാൻ പോയി.
- അതുകേട്ടപ്പോൾ കന്നി മാസത്തിലെ കൊയ്ത്ത് കഴിയാതെ ഇവിടെ ഒരു മണി നെല്ല് പോലും കൊടുക്കാനാകില്ലെന്ന് അയാൾ വിട്ടുപറഞ്ഞു.
- അതുകേട്ട് വിഷമിച്ച് അവർവന്നവഴി തിരികെ നടന്നു.
- ഈ രംഗം വളരെ ദയനീയമാണ്. ആത്മവിശ്വാസം കൈവിടാതെ ജീവിക്കുന്ന കഥാപാത്രമായി ഗോപിയെ കാണാം.
- ഒരു ദേശത്തിന്റെ ചിത്രംതന്നെയാണ് ഇതിലൂടെ നന്തനാർ കാട്ടിത്തന്നത്.
- ദു:ഖമെന്ന മൂന്നാമത്തെ അധ്യായത്തിൽ ദാരിദ്ര്യം മനുഷ്യനെ വഴിവിട്ട ജീവിതത്തിലേക്ക് നയിക്കുമെന്ന് കാട്ടിത്തരുന്നു.
- തറവാട്ടിലെ ജോലിയിൽ സഹായിക്കുന്ന ഇട്ടിച്ചിരമ്മയുടെ മക്കളാണ് ദേവകിയും മീനാക്ഷിയും.
- മീനാക്ഷിയോട് ഗോപിക്കുള്ള ഇഷ്ടം ഇതിൽ വ്യക്തമാണ്.
- ദേവകിയുടെ വഴിവിട്ട ബന്ധങ്ങള് നന്തനാർ ഒരു നാട്ടിൻ പുറത്തിന്റെ ഗ്രാമ്യത കൈവിടാതെ പറഞ്ഞിട്ടുണ്ട്.
- മിന്നാമിനുങ്ങ് എന്ന അധ്യായത്തൽ രാമൻ നമ്പൂതിരിയെ പരിചയപ്പെടുത്തുന്നുണ്ട്.
- രസികനും ശുദ്ധനുമായ നമ്പൂതിരി വല്യമ്മയുടെ ഭർത്താവാണ്.

- എങ്കിലും ഇടയ്ക്കിടയ്ക്ക് മാത്രമേ വരാറുള്ളൂ.
- ഗോപിക്ക് അയാളുടെ വർത്തമാനം കേള്ക്കാൻ വലിയ ഇഷ്ടമാണ്.
- തിരുമേനിയുടെ ഉത്സവകഥകളും മറ്റും ആകാംക്ഷയോടെയാണ് ഗോപി കേട്ടിരിക്കുക.
- വല്യമ്മയും ചെറിയമ്മയും അവനെ ഒഴിവാക്കാനാണ് ശ്രമിക്കാറുള്ളത്.
- ഗോപി അതൊന്നും കാര്യമാക്കാറില്ല.
- വയനാട്ടിലെ അമ്മാനെക്കുറിച്ച് പറയാനുള്ളതും നല്ല ഓർമകളാണ്.
- നല്ല ആരോഗ്യവും സൌന്ദര്യവുമുള്ള ആളാണ് അമ്മാൻ.
- നാട്ടുകാരുടെയും വീട്ടുകാരുടെയും സ്നേഹപാത്രമാണ് അയാള്.
- അവിവാഹതിനാണെങ്കിലും വയനാട്ടിൽ ചെട്ടിയാരുടെ ഭാര്യയുമായി രഹസ്യബന്ധം ഉണ്ടായിരുന്നു.
- ഇത്തരം കഥകളൊക്കെ കേള്ക്കാൻ ഗോപിക്ക് വലിയ താത്പര്യമായിരുന്നു.
- അര ദിവസത്തെ ഉദ്യോഗം എന്ന അധ്യായത്തിൽ ദാമുവേട്ടന്റെ വാസനപ്പുകയില കമ്പനിയിലെ ഒരു ദിവസത്തെ അനുഭവമാണ് പറയുന്നത്.
- കുഞ്ഞുണ്ണി എന്ന സ്ത്രൈണ സ്വഭാവമുള്ള തമിഴനെ ശാരീരികമായി ഉപയോഗിക്കുന്ന ദാമുവേട്ടന്റെ പ്രവൃത്തിയാണ് ആ ജോലി ഉപേക്ഷിക്കാൻ ഗോപിയെ പ്രേരിപ്പിച്ചത്.
- ചുറ്റുവിളക്ക് എന്ന അധ്യായത്തില് ഗോപി പറയുന്ന ഒരു വാചകമുണ്ട്.
- വെറും മോഹങ്ങള് സ്വപ്നങ്ങള് ഒന്നും യാഥാർഥ്യമാകാൻ പോകുന്നില്ല.
- അവനവന് അനുഭവിക്കേണ്ടതെല്ലാം അനുഭവിച്ച് തീരണമല്ലോ എന്ന്.
- നല്ലൊരു തറവാട്ടിൽ ജനിച്ചു എന്ന കാരണത്താൽ ചെറിയ ജോലികള് പോലും ചെയ്യാൻ കഴിയാത്ത അവസ്ഥ.
- അമ്പലത്തിൽ കളം തൊഴാൻ എത്തിയ പത്മിനിയെ കണ്ട് ഗോപി ഒളിച്ചുനില്ക്കുന്നുണ്ട്.
- കാരണം അവന്റെകൂടെ പഠിച്ചവളാണ് പത്മിനി.
- നല്ല വസ്ത്രത്തിലായിരുന്നില്ല അവൻ അപ്പോള് ഉണ്ടായിരുന്നത്.
- അതുകൊണ്ടാണ് മാറിയത്.
- അവിടെ മറ്റു കുട്ടികള് നാളികേരം പെറുക്കുന്നതിനൊപ്പം ചേരാന് ഗോപി ആഗ്രഹിച്ചു.

- പക്ഷേ, നാശംപിടിച്ച തറവാടു മഹിമ അതിന് അനുവദിച്ചില്ല.
- എങ്ങനെയെങ്കിലും വിശപ്പ് മാറാൻ കഴിയണേ എന്നാണ് പ്രാർഥന.
- വിശപ്പ് സഹിക്കാൻ കഴിയാതെ കരഞ്ഞ് തളർന്ന് വീട്ടിലേക്കു മടങ്ങി.
- താലപ്പൊലി എന്ന അധ്യായത്തിൽ രാഘവേട്ടന്റെ ക്ഷണം സ്വീകരിച്ച് താലപ്പൊലിക്കു പോയ ഓർമയാണ്.
- താലപ്പൊലി കാണുന്നതിനേക്കാള് വിശപ്പിന് എന്തെങ്കിലും കിട്ടുമല്ലോ. അതായിരുന്നു ലക്ഷ്യം.
- ആ വീട്ടിലെ കുഞ്ഞിലക്ഷ്മി എന്ന പത്താംക്ലാസുകാരിയെപറ്റിയും സരസ്വതിയമ്മയുടെ വികാരപ്രകടനവും രാഘവേട്ടന്റെ മുയൽ വേട്ടയും എല്ലാം വിവരിക്കുന്നുണ്ട്.



- ശങ്കരൻ നായരുടെ വരവാണ് വിരുന്നുകാരൻ എന്ന അധ്യായത്തിലുള്ളത്.
- ഭാര്യുടെ പരപുരുഷബന്ധം അറിഞ്ഞ് ഭ്രാന്തനായവനാണ് ശങ്കരൻ നായർ.
- സന്ദർശനമെന്ന അധ്യായം നാടുവിട്ട് പട്ടാളത്തിൽ ചേർന്ന് തിരിച്ചെത്തിയ ഏട്ടന്റെ ഓർമയാണ്.
- അമ്മയെയും സഹോദരങ്ങളെയും നോക്കാതെ ഭാര്യയും കുട്ടിയുമായി മാറിത്താമസിക്കുന്നവനായിരുന്നു ഏട്ടൻ.
- കുടുംബത്തിലെ എല്ലാം വിറ്റുതുലച്ചാണ് ഏട്ടൻ പട്ടാളത്തിൽ ചേർന്നത്.
- കൃഷ്ണാർപ്പണം എന്നാണ് അമ്മ പറയാറ്.
- രാവുണ്ണി എന്നാണ് ഏട്ടന്റെ പേര്.
- കെടാത്ത തീ എന്ന അധ്യായത്തിലും രാവുണ്ണിയുടെ ദുഷ്പ്രവൃത്തിയാണുള്ളത്.
- അമ്മയോടും സഹോദരങ്ങളോടും ദയയില്ലാതെ പെരുമാറുന്നവൻ.
- പായസം എന്ന അധ്യായത്തിൽ സഹിക്കാനാകാത്ത വിശപ്പുമായി അമ്പലത്തിലും അക്കരയ്ക്കും നടന്നു രാത്രിയാക്കുന്ന ഗോപിയെ കാണാം.

- തിരികെ വീട്ടിലേക്കുപോകുമ്പോഴാണ് മീനാക്ഷിയെ കണ്ടുമുട്ടുന്നത്.
- മീനാക്ഷിയുടെ കയ്യിൽ നിന്ന് കിട്ടിയ നിവേദ്യപ്പായസം അവന്റെ വിശപ്പിനെ ഇല്ലാതാക്കി.
- ആ ദിവസം മിനാക്ഷിയിൽ നിന്ന് ലഭിച്ച പൂർണ സംതൃപ്തിയുമായി ഗോപി വീട്ടിലേക്കു മടങ്ങി.
- സർവാണി സദ്യ എന്ന അധ്യായത്തിൽ വിശപ്പിന്റെ വിലയാണുള്ളത്.
- പട്ടാളത്തിലേക്ക് തിരിച്ചുപോകാനായി ഏട്ടൻ വീട്ടിലെത്തിയപ്പോള് ഗോപി അവിടെ നിന്ന് ഇറങ്ങി.
- റെയിൽ സ്റ്റേഷന്റെ അടുത്തുപോയി കുറേ സമയം ചെലവഴിച്ചു.
- അപ്പോള് അവിടെയടുത്ത് പിണ്ഡസദ്യ നടക്കുന്നത് അറിഞ്ഞ് അങ്ങോട്ടുപോയി.
- അവിടെ എത്തിയപ്പോഴേക്കും പിണ്ഡസദ്യ കഴിഞ്ഞ് സർവാണിയായിരുന്നു.
- തേക്കിന്റെ ഇലയിൽ കിട്ടിയ ചോറും കറികളും തറവാടു മഹിമയൊന്നും ഓർക്കാതെ അവൻ ആസ്വദിച്ച് കഴിച്ചു.
- ചോറിനേക്കാൾ വലുതായി മറ്റെന്തുണ്ട് ഈ ലോകത്ത് എന്ന് ഗോപി ഓർക്കുന്നുണ്ട്.
- സമ്പന്നൻ എന്ന അധ്യായത്തിൽ ഗോപിയുടെ ചെറിയച്ഛനായ കേശവമ്മാവനെ പറ്റിയുള്ള ഓർമ്മയാണ്.
- മധുരയിൽ ഒരു ഹോട്ടലിലെ ക്യാഷിയറാണ് അയാൾ.
- അയാൾ നാട്ടിലെത്തിയാൽ ഗോപിക്കും കുടുംബത്തിനും സന്തോഷവും ആഘോഷവും ആണ്.
- കേശവമ്മാവൻ കൊടുക്കുന്ന മുപ്പത് ഉറുപ്പികയും ഒരു കൂട മധുര നാരങ്ങയും അവർക്ക് മറക്കാനാകില്ല.
- തറവാടിത്തത്തിന്റെ ഭാരം എന്ന അധ്യായത്തിൽ എന്തെങ്കിലും ജോലി കിട്ടുമോ എന്ന് കരുതി ഗോപി രാമൻ നമ്പൂതിരിയുടെ കൂടെ അമ്പി അയ്യരുടെ അടുത്തേക്ക് പോകുന്നതാണ്.
- പാടത്ത് പറമ്പിൽ തറവാട്ടിലെ കുട്ടിയെ ഹോട്ടൽ ജോലിക്ക് നിർത്തുന്നത് മോശമാണെന്ന് അമ്പിഅയ്യർ പറഞ്ഞത്കേട്ട് മടങ്ങി.
- ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാനൊക്കുമോ എന്നാണ് അയാൾ പറഞ്ഞത്.
- മടങ്ങി പോകും വഴി പാമ്പ് കടിയേറ്റ് മരിച്ചാലുള്ള സുഖം വിശപ്പിനേക്കാൾ ഭേദമാണെന്ന് ഗോപി ഓർത്തു.

- നല്ല ദിവസം എന്ന പതിനെട്ടാം അധ്യായത്തിൽ തിരുമാന്ധാംകുന്നിലമ്മയുടെ പൂരം ആണ്.
- പതിനൊന്ന് ദിവസത്തെ പൂരത്തിന് കുട്ടമ്മാവ വകയിലൂടെ കിട്ടുന്ന രണ്ട് നേരത്തെ ഭക്ഷണം അത് മറക്കാനാകാത്ത ഓർമ്മയാണ്.
- പൂരത്തിന്റെ പുറപ്പാട് കൊട്ടിയിക്കം കൊട്ടിക്കയറൽ ആറാട്ട് എല്ലാം ഒരു ദൃശ്യ ചിത്രം എന്ന പോലെ കാണാം.
- കുടുംബം എന്ന അധ്യായത്തിൽ പുഴയുടെ സൗന്ദര്യത്തോടൊപ്പം മീനാക്ഷിയുടെ ശരീരസൗന്ദര്യവും ഗോപി ആസ്വദിക്കുന്നു.
- കേശവമ്മാനോട് എന്തെങ്കിലും ജോലി ഹോട്ടലിൽ തരപ്പെടുത്തണമെന്ന് പറയുന്നുണ്ട്.
- വല്യമ്മയും ദേവി ഓപ്പോളും വഴക്കിടുന്നതും ഒക്കെ ഇതിൽ വിവരിക്കുന്നു.
- അവസാനത്തെ അധ്യായമാണ് മോചനം.
- ഇതിൽ ഗോപി പട്ടാളത്തിൽ ചേരാൻ പോകുന്നതാണ്.
- കാണപ്പെട്ട ദൈവമായ രാമൻ നമ്പൂതിരിയുടെ അനുഗ്രഹത്തോടെ ഗോപി ട്രാവലേഴ്സ് ബംഗ്ലാവിലേക്ക് പോയി.
- അവിടെയായിരുന്നു പട്ടാളത്തിലേക്ക് ആളെ എടുക്കുന്നത്.
- പട്ടാളത്തിൽ എടുക്കണമെങ്കിൽ നല്ല ആരോഗ്യം വേണമെന്നും നേന്ത്രപ്പഴം വെള്ളം ചേർത്ത് തിന്നാൽ തൂക്കം വക്കുമെന്ന് പറഞ്ഞ് കേട്ടിരുന്നു.
- എന്നാൽ ഒരു നേരം ചോറ് തന്നെ ഉണ്ണാൻ കിട്ടാത്ത ഗോപിക്ക് അതൊന്നും സാധ്യമല്ലോ.
- എന്നാലും ആത്മവിശ്വാസത്തോടെ കരഞ്ഞ് പ്രാർത്ഥിച്ച് അവൻ പരിശോധനക്ക് വിധേയനായി.
- എന്തോ ഭാഗ്യ കൊണ്ടും ആരുടെയൊക്കെയോ പ്രാർത്ഥന കൊണ്ടും ഗോപിക്ക് സെലക്ഷൻ കിട്ടി.
- അന്ന് തന്നെ കണ്ണൂരിലേക്ക് ബസ്സ് കയറുകയും ചെയ്തു.
- പോകുമ്പോൾ തിരുമാന്ധാംകുന്നിലമ്മയെ കണ്ട് മനസ്സുരുകി പ്രാർത്ഥിച്ചു.
- ഇങ്ങനെയാണ് നോവൽ അവസാനിക്കുന്നത്.
- മോചനം എന്ന അവസാന അധ്യായം അർത്ഥവത്താണെന്ന് കാണാം.
- വിശപ്പിൽ നിന്ന് അവഹേളനങ്ങളിൽ നിന്ന് എല്ലാമുള്ള മോചനമാണ് അത് എന്ന് പറയാം.

……………………………………………………………………………………………………….